

FRIDAY 17-06-2022 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/06/2022.

1. നാളികേരത്തിന്റെ വിപണിവില അടിസ്ഥാന വിലയേക്കാൾ കുറവുള്ള ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളിൽ 53 സെന്ററുകളിൽ കേരഫെഡിനെയും വിഎഫ്പിസികെയുടെയും നേതൃത്വത്തിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് സംഭരണം നടത്തുന്നതെന്നും സംഭരണം ആരംഭിച്ച് ഒരാഴ്ചക്കകം തന്നെ 206 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ച് കഴിഞ്ഞതായും ആയതിലേക്കുള്ള 66 ലക്ഷം രൂപ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും കൃഷി വകുപ്പ് മന്ത്രി അറിയിച്ചു. കിലോഗ്രാമിന് 32 രൂപ നിരക്കിൽ സംഭരിക്കുന്ന തേങ്ങയുടെ വില നേരിട്ട് കർഷകന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് സഹിതം, പൊതിച്ച തേങ്ങ സംഭരണ കേന്ദ്രങ്ങളിൽ നേരിട്ട് എത്തിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. കർഷകർക്ക് സമയബന്ധിതമായി തുക നൽകാനുള്ള നടപടികൾ സ്വീകരിക്കാൻ കൃഷി ഡയറക്ടറെയും കൊപ്ര സംഭരണ പദ്ധതിയിലുൾപ്പെടുത്തി പച്ചത്തേങ്ങ സംഭരണം ഊർജിതമാക്കാൻ കൃഷിവകുപ്പ് സെക്രട്ടറിയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൃഷി മന്ത്രി അറിയിച്ചു.

2. സെപ്റ്റംബർ 30 വരെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി കൃഷിവകുപ്പിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും ഫയലുകൾ തീർപ്പാക്കുന്നതിനായി പ്രത്യേക സംവിധാനം സജ്ജമാക്കിയതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. കൃഷിവകുപ്പ്, മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ്, കേരള കാർഷിക സർവകലാശാല, കൃഷിവകുപ്പ് പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവരുമായി നടത്തിയ ഉന്നതതല യോഗത്തിലാണ് തീരുമാനമായത്. ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂൺ 21 ന് തിരുവനന്തപുരത്ത് കൃഷി മന്ത്രി നിർവ്വഹിക്കും. ആദ്യ ഫയൽ അദാലത്തിൽ ആകെ തീർപ്പുകൽപ്പിക്കാൻ ഉള്ള ഫയലുകളുടെ 40 ശതമാനവും തുടർന്ന് നടത്തുന്ന രണ്ട് ഫയൽ അദാലത്തുകളിലായി 30% ഫയലുകൾ വച്ചും തീർപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

3. 2021-22 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും മികച്ച കർഷകർക്കും സംരംഭകർക്കും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. ജില്ലാതലത്തിൽ മികച്ച ക്ഷീര കർഷകനും മികച്ച സമ്മിശ്ര കർഷകനുമാണ് അവാർഡ് നൽകുന്നത്. അപേക്ഷാഫോം ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ഈ മാസം 18-ന് (ജൂൺ 18) മുമ്പായി അതാത് മൃഗാശുപത്രികളിൽ കർഷകർ എത്തിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

4. ജില്ലാ കൃഷിതോട്ടം കൂത്താളിയിൽ തയ്യാറാക്കിയ കുറ്റ്യാടി തെങ്ങിൻ തൈകൾ (WCT) തൈ ഒന്നിന് 100 രൂപ നിരക്കിലും, കാസർകോടൻ കമുകിൻ തൈകൾ തൈ ഒന്നിന് 12 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാർ ആയിട്ടുണ്ട്. ആവശ്യമുള്ളവർ കൂത്താളി ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെടേണ്ടതാണ് എന്ന് കൂത്താളി ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് അറിയിച്ചു

5. **സ്ക്രബ് ടൈഫസ് (ചെള്ള് പനി)** - മൃഗസംരക്ഷണ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ ഇനി പറയുന്നു.

ഓറിയൻഷ്യ സുസുഗമാഷി എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന പകർച്ചവ്യാധിയാണ് ചെള്ള് പനി. മൂഷിക വർഗ്ഗത്തിൽപ്പെട്ട കരണ്ട് തിന്നുന്ന എലി, പെരുച്ചാഴി, അണ്ണാൻ, മുയൽ തുടങ്ങിയ ജീവികളിലാണ് ഈ രോഗാണുക്കൾ കാണുന്നത്. ചെറുപ്രാണികളുടെ ചിഗാർ മൈറ്റു എന്ന ലാർവ കടിച്ചാണ് മനുഷ്യരിലേക്ക് പകരുന്നത്. പനി, തലവേദന, കണ്ണ് ചുവക്കൽ, പേശിവേദന, ശരീരത്തിൽ മൈറ്റ് കടിച്ചുണ്ടാകുന്ന പാടുകൾ (എസ്കാർ) എന്നിവയാണ് മനുഷ്യരിലെ രോഗലക്ഷണങ്ങൾ. വളർത്തുമൃഗങ്ങളെ രോഗാണുക്കൾ വഹിക്കുന്ന ചിഗാർമൈറ്റ് എന്ന ചെള്ള് കടിക്കാമെങ്കിലും ഇവരിൽ രോഗബാധ സാധാരണ ഉണ്ടാകുന്നില്ല. രോഗം പകർത്തുന്നതിലും വളർത്തുമൃഗങ്ങൾ വലിയ പങ്ക് വഹിക്കുന്നില്ല. എന്നാൽ എലികൾ ധാരാളമുള്ള പുൽമേടുകളിലും കാടുപിടിച്ച് കിടക്കുന്ന പ്രദേശങ്ങളിലും മൃഗങ്ങളെ മേയാനും മറ്റും വിടുമ്പോൾ ഈ ചെള്ളുകൾ മൃഗങ്ങളുടെ ശരീരത്തിൽ കയറി കൂടുകയും അവരിൽ നിന്ന് മനുഷ്യരിലേക്ക് കയറാൻ സാധ്യതയുള്ളതിനാൽ സൂക്ഷിക്കേണ്ടതുണ്ട്.

**രോഗനിയന്ത്രണ മാർഗങ്ങൾ**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വീട്ടിലും ചുറ്റുപാടുകളിലും എലിനശീകരണ മാർഗങ്ങൾ സ്വീകരിക്കുക. പരിസരങ്ങളിൽ ചികാർ ചെളള് നിയന്ത്രണ മാർഗങ്ങൾ അവലംബിക്കുക. കുറ്റിക്കാടും പുൽമേടുകളും വെട്ടി വൃത്തിയാക്കുക. വീടിനുള്ളിൽ വളർത്തുന്ന മൃഗങ്ങളെ പുൽമേടുകളിൽ കളിക്കാൻ വിടാതിരിക്കുക. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുക.

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കൊട്ടിയം യൂണിറ്റിലെ പൗൾട്രി ഫാമിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിമുട്ടകൾ 5 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000913, 9495000923** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി **'പഴം – പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് **(29.6.2022)** തിരുവനന്തപുരം വെള്ളായണി , കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈ മാസം 20,21 (ജൂൺ 20,21) തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്തിട്ടുള്ളവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0473-4299869, 9495390436, 9656936426** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22, 23 (22/06/22, 23/06/22 ) തീയതികളിൽ രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**2965535** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടോ, **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ചെങ്ങന്നൂർ സെന്‍ട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം **23-ന് കാടവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം